ശൈഖ് റാശിദുൽ ഗനൂശിയുടെ ഭാരത പര്യടനവും
വിപ്ലവാത്മക നവോത്ഥാനചിന്തകളും-2

# ദോഹ സന്ദർശനം

● ടി.കെ ഇബ്റാഹീം ടൊറണ്ടോ

**ഫെബ്രുവരി** 22-ന് രാവിലെ ഏഴു മണിക്ക് ശൈഖ് ഗനൂശിയും പ്രൈവറ്റ് സെക്രട്ടറി ത്വയ്യിബും ദോഹയിൽ വിമാനമിറങ്ങി. ഈ ലേഖകനും ഖത്തറിലെ സുഹൃത്തുക്കളും അവരെ സ്വീകരിച്ച് ഖത്തർ ചാരിറ്റബ്ൾ സൊസൈറ്റിയുടെ ഗസ്റ്റ് ഹൗസിലേക്കാനയിച്ചു. ജുമുഅ ദിവസമായതിനാൽ ശൈഖ് ഖറദാവിയുടെ പള്ളിയി- മസ്ജിദു ഉമറുബ്നുൽ ഖത്ത്വാബ്-ലാണ് ജുമുഅക്ക് പോയത്. വയോധികനായ ഖറദാവി ഈയിടെയായി ഇരുന്നുകൊണ്ടാണ് ഖുത്വ്ബ നടത്താറ്. എങ്കിലും ഏതാണ്ട് ഒരു മണിക്കൂർ നീണ്ട ഖുത്വ്ബ. അദ്ദേഹത്തിന്റെ ശബ്ദഗാംഭീര്യത്തിന് ഒരു കുറവുമുണ്ടായിരുന്നില്ല. സലാം വീട്ടിയ ശേഷം അദ്ദേഹം പ്രഖ്യാപിച്ചു: "ഡെന്മാർക്കിലെ പുതിയ പ്രവാചകവിരുദ്ധ കാർട്ടൂണിൽ പ്രതിഷേധിക്കുന്ന യോഗം ഇപ്പോൾതന്നെ പള്ളിയിൽ ചേരുന്നതാണ്. യോഗത്തിൽ പ്രശ്നത്തെ നേരിടാൻ സുചിന്തിതമായ പ്രവർത്തന പരിപാടികൾ അവതരിപ്പിക്കപ്പെടും." ഗനൂശിയെ ഖറദാവി കണ്ടിരുന്നില്ല. ആരോ ഒരു കുറിപ്പയച്ചു. ഉടനെ ഖറദാവി ഗനൂശിയെ മിമ്പറിലേക്ക് ക്ഷണിച്ചുകൊണ്ട് പറഞ്ഞു: 'പണ്ഡിതൻ, ചിന്തകൻ, ദാർശനികൻ, ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മാർഗദർശകൻ, മുജാഹിദ്, മുഴു ജീവിതവും ഇസ്‌ലാമിനു വേണ്ടി ഉഴിഞ്ഞുവെച്ച ധീര പോരാളി....'

### ഖറദാവിയുടെ വസതിയിൽ

അന്നു രാത്രി ഖറദാവിയുടെ വസതിയിൽ കൂടിക്കാഴ്ചയുണ്ടായിരുന്നു. ഗനൂശിയും ത്വയ്യിബും കൂടാതെ ദോഹയിൽ താമസിക്കുന്ന രണ്ട് തുനീഷ്യക്കാരും കെ.സി അബ്ദുല്ലത്വീഫും സന്നിഹിതരായി. രണ്ടു മണിക്കൂർ നീണ്ടുനിന്ന ചർച്ചയിൽ നിരവധി വിഷയങ്ങൾ പരാമർശിച്ചു. അമേരിക്ക, ഹമാസ്, ഇറാഖ്, അഫ്ഗാൻ, ബ്രിട്ടീഷ് വിസ (ഖറദാവിക്ക് ബ്രിട്ടൻ വിസ നിഷേധിച്ചല്ലോ), പ്രവാചകവിരുദ്ധ കാർട്ടൂൺ, കാന്റർബറി ആർച്ച് ബിഷപ്പ് ശരീഅത്ത് നിയമത്തെക്കുറിച്ചു നടത്തിയ പ്രസ്താവന തുടങ്ങിയവ. അദ്ദേഹത്തിന് നന്ദി പറഞ്ഞുകൊണ്ട് വേൾഡ് ഫെഡറേഷൻ ഫോർ മുസ്‌ലിം സ്കോളേഴ്സിന്റെ പ്രസിഡന്റെന്ന നിലക്ക് ഒരു കത്തെഴുതാൻ ശൈഖ് ഖറദാവി ഗനൂശിയെ പ്രേരിപ്പിച്ചു.

ഗനൂശിയുടെ യാത്രാപരിപാടി ഖറദാവിക്കറിയുമായിരുന്നില്ല. 'താങ്കളുടെ അൽജാമിഅ അൽ ഇസ്‌ലാമിയയിൽ നടക്കുന്ന ബിരുദദാന സമ്മേളനത്തിൽ പങ്കെടുക്കാൻ നാളെ കേരളത്തിലേക്ക് പുറപ്പെടുകയാണദ്ദേഹം'- ഈ ലേഖകൻ പറഞ്ഞു. 'താങ്കളുടെ' എന്ന് കനപ്പിച്ചുതന്നെ പറഞ്ഞു. അദ്ദേഹമാണല്ലോ അൽജാമിഅ ഉദ്ഘാടനം ചെയ്തത്.

ഖറദാവിയോട് യാത്ര പറഞ്ഞ ശേഷം ഗനൂശി ഗസ്റ്റ് ഹൗസിലേക്കും ഞാൻ മകൾ ത്വയ്യിബയുടെ- അവളിപ്പോൾ ഖത്തർ യൂനിവേഴ്സിറ്റിയിൽ ലക്ചററാണ്- വീട്ടിലേക്കും തിരിച്ചു. പിറ്റേന്ന് രാവിലെ ഏഴു മണിക്കുള്ള കൊച്ചിൻ ഫ്ളൈറ്റിൽ ഞങ്ങൾ കേരളത്തിലേക്ക് പുറപ്പെട്ടു.

കൊച്ചിയിൽ വിശ്രമിക്കാതെ എത്രയും വേഗം ശാന്തപുരത്തെത്താൻ ഞങ്ങൾ കോഴിക്കോട്ടേക്ക് പുറപ്പെട്ടു. കരിപ്പൂർ എയർപോർട്ടിൽ അതിഥികളെ സ്വീകരിക്കാനായി അൽ ജാമിഅയുടെയും ജമാഅത്തിന്റെയും പ്രതിനിധികളായി കുറേ പേർ സന്നിഹിതരായിരുന്നു. ഏതാണ്ട് രണ്ടു മണിക്കൂർ നീണ്ട കരിപ്പൂർ-ശാന്തപുരം യാത്രയിൽ കേരളത്തിന്റെ പ്രകൃതിരമണീയത അതിഥികളെ നന്നായി ആകർഷിച്ചു.

ഫെബ്രുവരി 24-ന് ഉച്ചതിരിഞ്ഞ് 2.30ന് ശാന്തപുരത്ത് ടി.കെ അബ്ദുല്ല സാഹിബിന്റെ അധ്യക്ഷതയിൽ 'ഇസ്‌ലാം പുതിയ ലോകത്ത്' എന്ന തലക്കെട്ടിൽ ചേർന്ന സമ്മേളനത്തിൽ ശൈഖ് റാശിദുൽ ഗനൂശി ആദ്യമായി ഇന്ത്യയിൽ ഒരു സദസ്സിനെ അഭിമുഖീകരിച്ചു.

മഗ്‌രിബ് നമസ്കാരം സംഘടിപ്പിച്ചത് തുറന്ന വയലിലായിരുന്നു. ശൈഖ് ഗനൂശി മഗ്‌രിബ് നമസ്കാരത്തിന് നേതൃത്വം നൽകി. തുനീഷ്യൻ ശൈലിയിലുള്ള അദ്ദേഹത്തിന്റെ ഖുർആൻ പാരായണം മനംകവരുകയും നയനങ്ങൾ നനക്കുകയും ചെയ്തു.

ഏഴു മണിയോടെ ബിരുദദാന സമ്മേളനമാരംഭിച്ചു. അൽജാമിഅ സുപ്രീം കൗൺസിൽ ചെയർമാൻ ടി. ആരിഫലിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഖത്തർ വിദ്യാഭ്യാസ മന്ത്രാലയം അണ്ടർ സെക്രട്ടറി റബീഅ മുഹമ്മദുൽ കഅബി ഉദ്ഘാടനം ചെയ്തു. അൽജാമിഅ ചാൻസലർ ഡോ. അബ്ദുൽ ഹഖ് അൻസാരി ബിരുദദാന പ്രഭാഷണം നടത്തി. ഈ സമ്മേളനത്തിലെ മുഖ്യ പ്രഭാഷണം ശൈഖ് റാശിദുൽ ഗനൂശിയുടേതായിരുന്നു. അൽ ജാമിഅ വൈസ് ചാൻസലർ ഡോ. അബ്ദുസ്സലാം വാണിയമ്പലം ഗനൂശിയെ സദസ്സിന് പരിചയപ്പെടുത്തി. ശൈഖ് ഗനൂശിയുടെ പ്രൗഢമായ പ്രഭാഷണം നവോത്ഥാന ചിന്തക്കും പ്രവർത്തനത്തിനുമുള്ള പുതിയ പാതകൾ ചൂണ്ടിക്കാണിക്കുന്നതായിരുന്നു.

പിറ്റേന്ന് പ്രഭാതത്തിൽ ഞങ്ങൾ കോഴിക്കോട് ലക്ഷ്യമാക്കി നീങ്ങി. കോഴിക്കോട്ടെ മുഖ്യ പരിപാടി ഹിറാ സെന്റ

റിലെ സ്വീകരണമായിരുന്നു. ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശൈഖ് ഗനൂശി നടത്തിയ ഒരു മണിക്കൂർ നീണ്ട പ്രസംഗം ഗഹനവും ചിന്തോദ്ദീപകവും ആവേശകരവുമായിരുന്നു. ഡോ. അബ്ദുസ്സലാം വാണിയമ്പലം പരിഭാഷപ്പെടുത്തി. ഇന്ത്യയിലാകെ ഗനൂശി നടത്തിയ പ്രസംഗങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ഹിറാ സെന്റർ പ്രഭാഷണം. മുസ്‌ലിം 'ഉമ്മ' കടന്നുപോന്ന രാഷ്ട്രീയ ഘട്ടങ്ങളുടെ നഖചിത്രം വരച്ചുകാട്ടി, ഇന്ന് ഉമ്മത്ത് പൊതുവിലും ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങൾ വിശേഷിച്ചും സ്വീകരിക്കേണ്ട സ്ട്രാറ്റജി അദ്ദേഹം യുക്തിബന്ധുരമായി സമർപ്പിച്ചു. തുടർന്ന് ആവേശപൂർണവും ജിജ്ഞാസാഭരിതവുമായ ചോദ്യോത്തരങ്ങളും ചർച്ചകളും രണ്ട് മണിവരെ നീണ്ടു.

സായാഹ്നത്തിൽ അബ്ദുല്ല മൻഹാം അതിഥികളെ സൈറ്റ്സീയിംഗിന് കൊണ്ടുപോയി. കാപ്പാട് കടൽതീരം കണ്ട് മടങ്ങി- വാസ്കോ ഡ ഗാമയുടെ ഇന്ത്യാ അധിനിവേശത്തിന്റെ സ്മാരകം കൂട്ടത്തിൽ കണ്ടു.

ഏഴര മണിക്ക് ഹോട്ടലിൽ മാധ്യമ പ്രവർത്തകരുമായി ഒരു കൂടിക്കാഴ്ച നിശ്ചയിച്ചിരുന്നു. ഒ. അബ്ദുർറഹ്മാൻ, വി.എ കബീർ, വി.എം ഇബ്റാഹീം, യാസീൻ അശ്റഫ്, അശ്റഫ് കീഴുപറമ്പ് (*പ്രബോധനം*) അബ്ദുല്ല മൻഹാം, ഡോ. നജീബ്, നൗഷാദ് (സോളിഡാരിറ്റി) എന്നിവർ സന്നിഹിതരായിരുന്നു. ഇന്ത്യയിൽ ശൈഖ് ഗനൂശി നടത്തിയ കൂടിക്കാഴ്ചകളിൽ ഏറ്റവും പ്രധാനമായിരുന്നു അദ്ദേഹത്തിനിത്. *മാധ്യമം* ദിനപത്രം അദ്ദേഹത്തെ വല്ലാതെ വശീകരിച്ചു. ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കൊന്നും സാധ്യമായിട്ടില്ലാത്ത ഒരു അപൂർവ നേട്ടമായി അദ്ദേഹമത് വിലയിരുത്തി. മുമ്പിലിരുന്ന യുവപത്രപ്രവർത്തക വ്യൂഹം അദ്ദേഹത്തെ ആകർഷിച്ചു. അവരിൽ മിക്കവരും ശാന്തപുരം സന്തതികളായിരുന്നുവെന്നതും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. കുടുംബകാര്യങ്ങൾ തൊട്ട് വ്യത്യസ്ത അന്താരാഷ്ട്ര പ്രശ്നങ്ങൾ വരെ നീണ്ടുപോയ ചർച്ച ഹൃദ്യവും വിജ്ഞാനപ്രദവും നർമരസം തുളുമ്പുന്നതുമായിരുന്നു.

## ദൽഹിയിലേക്ക്

പിറ്റേന്ന് വെളുപ്പിന് കരിപ്പൂരിൽനിന്ന് കൊച്ചി വഴി ദൽഹിയിലേക്കാണ് യാത്ര. ഡോ. അബ്ദുൽ ഹഖ് അൻസാരി ഞങ്ങളോടൊപ്പം വന്നിരുന്നു. കേരള അമീർ ടി. ആരിഫലിയും സംഘവും യാത്രയയപ്പിനെത്തി. ഹോട്ടലിൽ മറന്നുപോയ ശൈഖിന്റെ ഹാന്റ് ബാഗ് തെല്ലൊരു പരിഭ്രമത്തിനിടയാക്കി. ആ ബാഗിലാണ് അദ്ദേഹത്തിന്റെ ലാപ്ടോപ്പും മറ്റും. വിമാനം പറക്കും മുമ്പ് അത് എത്തിക്കാനുള്ള തിരക്കുപിടിച്ച ശ്രമത്തിലായി ആതിഥേയർ. എമിഗ്രേഷൻ അതോറിറ്റികൾ പൂർണ സഹകരണം നൽകി. ചെക്ക്-ഇൻ, സെക്യൂരിറ്റി ചെക്ക് അങ്ങനെ ഓരോന്നും കഴിഞ്ഞു. പക്ഷേ, ബാഗ് എത്തിയില്ല. അതിന്റെ വിഷമം ശൈഖിന്റെ മുഖത്ത് പ്രതിഫലിച്ചു. ഒടുവിൽ ഫ്ളൈറ്റിൽ കയറാനുള്ള വെയിറ്റിംഗ് ലോഞ്ചിൽ ഇരിക്കുമ്പോഴതാ ഡ്യൂട്ടി ഓഫീസർ ബാഗുമായി വരുന്നു. ആശ്വാസമായി. ശൈഖിന്റെ അധരങ്ങളിൽ അൽഹംദുലില്ലാഹ്. സന്ദർഭോചിതമായി ശൈഖ് ഒരാത്മീയ സംജ്ഞ ഞങ്ങളെ പഠിപ്പിച്ചു: *ലുത്ഫുൽ ഖളാ* (വിധിയുടെ സൗമനസ്യം) എന്നോ മറ്റോ പറയാം. സന്ദിഗ്ധഘട്ടങ്ങളിലും വിഷമസന്ധികളിലും അപ്രതീക്ഷിതമായി ലഭ്യമാവുന്ന അല്ലാഹുവിൽനിന്നുള്ള *തയ്സീർ* (എളുപ്പമാക്കൽ) ആണ് *ലുത്ഫുൽ ഖളാ*. മറ്റവസരങ്ങളിലും *ലുത്ഫുൽ ഖളാ* ഞങ്ങളെ അനുഗ്രഹിക്കുകയുണ്ടായി.

കൊച്ചിയിൽ വിമാനമിറങ്ങിയപ്പോൾ മറ്റൊരു പ്രതിസന്ധി. ദൽഹി ഫ്ളൈറ്റ് പിടിക്കാൻ ടെർമിനൽ മാറണം. ലഗേജുകൾ എടുത്ത് കൂടെ കൊണ്ടുപോകണം. എല്ലാറ്റിനും കൂടി സമയം 35 മിനിറ്റും. ഓടിക്കിതച്ച് നിശ്ചിത ടെർമിനലിലെ ചെക്ക്-ഇൻ കൗണ്ടറിൽ തിരക്കിയെത്തിയെങ്കിലും അത് അടച്ചു കഴിഞ്ഞിരുന്നു. ആ വിമാനത്തിൽ ദൽഹിയിലെത്തിയില്ലെങ്കിൽ സിദ്ദീഖ് ഹസൻ സാഹിബ് അവിടെ പ്ലാൻ ചെയ്ത പരിപാടികളൊക്കെ തകിടം മറിയും. പറഞ്ഞിട്ടെന്ത്, വിമാനം പുറപ്പെട്ടു കഴിഞ്ഞു....!

പിന്നിലെങ്ങാണ്ടോ ഇരിക്കുന്ന ഡ്യൂട്ടി ഓഫീസറുടെ അടുത്തെത്തി. കോഴിക്കോട്ടുനിന്നുള്ള ഫ്ളൈറ്റ് വൈകിയതാണ് ഞങ്ങളുടെ താമസത്തിന് കാരണമെന്നദ്ദേഹത്തോടു വിശദീകരിച്ചു. കൂടെ ഞങ്ങളെ സഹായിക്കാനായി പിന്തുടർന്നിരുന്ന ഓഫീസ് പയ്യനോട് കുറേ കയർത്ത ശേഷം അദ്ദേഹം ചെക്ക്-ഇൻ പ്രൊസീജർ ആരംഭിച്ചു. ഞങ്ങൾക്കാശ്വാസമായി. വിമാനം നിലം വിട്ടുയർന്നിട്ടില്ല. ഡ്യൂട്ടി ഓഫീസർ എല്ലാ ഒത്താശകളും ചെയ്തുതന്നു. *ലുത്ഫുൽ ഖളാ* ഇവിടെയും സഹായത്തിനെത്തി.

കൊച്ചി-ദൽഹി വിമാനത്തിൽ ഞങ്ങൾ നാലു പേരും അവരവരുടെ സ്വകാര്യതകളിൽ മുഴുകി. ഡോ. അബ്ദുൽ ഹഖ് അൻസാരി ഖുർആൻ നിവർത്തി എന്തോ കുറിക്കുന്നു. വല്ല റിസർച്ചും നടത്തുകയാവണം. ശൈഖ് ഗനൂശി ഖുർആൻ മനഃപാഠം റിവ്യൂ ചെയ്യുന്നു. ഉറക്കവും ക്ഷീണവുമില്ലെങ്കിൽ വിമാനത്തിൽ എഴുത്തും വായനയുമാണ് ഈ ലേഖകന്റെയും ഹോബി. പതിനാലു മണിക്കൂർ മറ്റെന്ത് ചെയ്യും?

ദൽഹി എയർപോർട്ടിൽ അഖിലേന്ത്യാ അസിസ്റ്റന്റ് അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബും ടീമും വരവേൽപിനെത്തിച്ചേർന്നിരുന്നു. ഏതാണ്ട് അഞ്ചു മണിയോടെ ഹോട്ടലിലെത്തിയ ശൈഖ് ഗനൂശിക്ക് മഗ്‌രിബ് നമസ്കാരാനന്തരം അഖിലേന്ത്യാ ജമാഅത്ത് കേന്ദ്രത്തിലെ പള്ളിയിൽ സ്വീകരണത്തിനെത്തേണ്ടതുണ്ടായിരുന്നു. അൽപം വൈകിയാണെങ്കിലും ഞങ്ങൾ യോഗത്തിലെത്തി. അമീറെ ജമാഅത്തും മറ്റു നേതാക്കളും സന്നിഹിതരായിരുന്നു. ആദ്യമായി ഇന്ത്യ സന്ദർശിക്കാൻ ലഭിച്ച സന്ദർഭത്തിൽ സന്തോഷം രേഖപ്പെടുത്തിക്കൊണ്ടുള്ള ശൈഖിന്റെ പ്രഭാഷണം ഒരു മണിക്കൂറോളം നീണ്ടുനിന്നു.

ഇശാ നമസ്കാരത്തിനു ശേഷം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മജ്‌ലിസ് ശൂറാംഗങ്ങളുടെ കൂടെയുള്ള ഡിന്നറും പരിചയപ്പെടലും ചർച്ചയും ഇടപഴകലുമായിരുന്നു.

ശൈഖ് ഗനൂശി ആഴമുള്ള ചിന്തകനും പണ്ഡിതനുമാണ്. അദ്ദേഹത്തിന്റെ ചിന്തകളും ഗ്രന്ഥങ്ങളും ഇന്നേവരെ ഇന്ത്യയിൽ പ്രചരിച്ചില്ല എന്നത് അത്ഭുതമാണ്. കാരണം വ്യക്തമല്ല. 'ഇസ്‌ലാമിക രാഷ്ട്രത്തിലെ പൊതു സ്വാതന്ത്ര്യം' എന്ന അദ്ദേഹത്തിന്റെ ബൃഹത്തായ കൃതി രണ്ട് വാള്യമുണ്ട്. തലക്കെട്ട് കാണിക്കുന്നതുപോലെ ഒരു ഇസ്‌ലാമിക രാഷ്ട്രത്തിൽ പ്രജകളനുഭവിക്കേണ്ട സ്വാതന്ത്ര്യത്തെയും പൗരാവകാശങ്ങളെയും ഇസ്‌ലാമിക ഭരണ ചരിത്രത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്നു ഈ ഗ്രന്ഥം.

മുസ്‌ലിം ന്യൂനപക്ഷ രാജ്യങ്ങളുടെ സാമൂഹിക പ്രശ്നങ്ങളാണ് ഗനൂശിയുടെ ചിന്ത വിഹരിക്കുന്ന മറ്റൊരു ചക്രവാളം. അമുസ്‌ലിം രാജ്യങ്ങളിലെ അദ്ദേഹത്തിന്റെ ദീർഘകാലവാസം അനുഭവത്തിന്റെ വെളിച്ചത്തിൽ അത്തരം പ്രശ്നങ്ങളെ നേരിട്ട് പഠിക്കുന്നതിനും പ്രായോഗിക പരിഹാരങ്ങൾ നിർദേശിക്കുന്നതിനും അദ്ദേഹത്തിന് അവസരം നൽകി. ബഹുസ്വര സമൂഹങ്ങ

ളിൽ ജീവിക്കുന്ന മുസ്‌ലിം ന്യൂനപക്ഷങ്ങൾ അവലംബിക്കേണ്ട രാഷ്ട്രീയ സമീപന രീതികളെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തവും യുക്തിനിഷ്ഠവും പ്രായോഗികവുമായ കാഴ്ചപ്പാടുകളുണ്ട്. മൊത്തത്തിൽ ന്യൂനപക്ഷ മുസ്‌ലിം സമൂഹങ്ങൾ മാത്രമല്ല, ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ സമീപനരീതി എന്തായിരിക്കണം ആ നാടുകളിൽ എന്നതിനെക്കുറിച്ചും അദ്ദേഹത്തിന് സുചിന്തിതമായ അഭിപ്രായങ്ങളുണ്ട്.

‘നാഗരികതയിലേക്കുള്ള നമ്മുടെ വഴി’, ‘നാമും പടിഞ്ഞാറും’ തുടങ്ങിയുള്ള അദ്ദേഹത്തിന്റെ കൃതികളുടെ തലക്കെട്ടുകൾ സൂചിപ്പിക്കുന്ന പോലെ ഇസ്‌ലാമിക നവോത്ഥാന മാർഗത്തിൽ പുതുമയുള്ള ചിന്താധാരകളെ പ്രതിനിധീകരിക്കുന്നു.

മർകസി മക്തബയോ ജമാഅത്തെ ഇസ്‌ലാമിയോ ഐ.പി.എച്ചോ ഗനൂശിയുടെ ഗ്രന്ഥങ്ങളൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കേണ്ടതുണ്ട്. ശൈഖ് ഗനൂശിയുടെ ഗ്രന്ഥങ്ങൾ ഇന്ത്യൻ മുസ്‌ലിംകൾക്ക് പൊതുവിലും ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് വിശേഷിച്ചും മാർഗദർശകമാവുമെന്നതിൽ സംശയമില്ല.

കേന്ദ്ര മജ്‌ലിസ് ശൂറാംഗങ്ങളുടെ സൽക്കാരസംഗമത്തിൽ താൽപര്യജനകമായ വ്യത്യസ്ത വിഷയങ്ങൾ ചർച്ചാവിധേയമായി. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയനയം വിശിഷ്യാ തെരഞ്ഞെടുപ്പിലെ പങ്കാളിത്തം ചർച്ചയിൽ മുഴച്ചുനിന്നു. ഈ വിഷയത്തിൽ മൗലാനാ മൗദൂദിയുടേതിൽനിന്ന് വ്യത്യസ്തമായ അദ്ദേഹത്തിന്റെ വീക്ഷണം ചർച്ചക്ക് ചൂടും എരിവും പകർന്നു. പ്രാസ്ഥാനികമായി താൻ മൗദൂദിയുടെ ശിഷ്യനാണെന്ന കാര്യം ഗനൂശി ആവർത്തിച്ചുറപ്പിച്ചു.

പിറ്റേ ദിവസം ദൽഹിയിലെ മുസ്‌ലിം ചരിത്ര സ്മാരകങ്ങളുടെ സന്ദർശനമായിരുന്നു. ജുമാ മസ്ജിദിൽ ളുഹർ നമസ്കാരം നിർവഹിച്ചു. ചെങ്കോട്ടയും കുത്തബ് മിനാറും കണ്ടു. കുത്തബ് മിനാറിനോട് തൊട്ട് പണി പൂർത്തിയാവാത്ത ഖുവ്വത്തുൽ ഇസ്‌ലാം പള്ളി (നാലു നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അതങ്ങനെ നിൽക്കുന്നു) അദ്ദേഹത്തെ പ്രത്യേകം ആകർഷിച്ചു. ഗൈഡായി വന്ന ഇൻതിസാം നഈം സാഹിബ് (അഖിലേന്ത്യാ ജമാഅത്തിന്റെ ദഅ്‌വാ വിഭാഗം തലവൻ) സ്മാരകങ്ങളുടെ ചരിത്രാംശങ്ങളും മറ്റും ശൈഖിന് വിശദീകരിച്ചുകൊടുക്കുന്നുണ്ടായിരുന്നു. അദ്ദേഹം പ്രതികരിച്ചു: ഈ സ്മാരകങ്ങൾ ഇന്ത്യയുടെ അഭിമാനസ്തംഭങ്ങളാണ്. ലക്ഷക്കണക്കിൽ വരുന്ന വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഈ മഹാത്ഭുതങ്ങൾ മുസ്‌ലിം രാജാക്കന്മാരാണ് പണിതത് എന്നതിൽ ഒരർഥത്തിൽ മുസ്‌ലിംകൾക്കഭിമാനിക്കാം. മുസ്‌ലിംകളുടെ പൂർവപ്രതാപം വിളിച്ചോതുന്ന ഈ സ്മാരകങ്ങൾ ഇന്ത്യൻ പൗരനെന്ന നിലയിൽ മുസ്‌ലിമിൽ സ്വന്തം അസ്തിത്വബോധം വളരാനും വികസിക്കാനും സഹായകമാണ്. രാജ്യത്ത് തന്റേതായ സ്ഥാനം കണ്ടെത്താനുള്ള ഉൽക്കടാഭിലാഷവും അത് പ്രദാനം ചെയ്യുന്നു.

## താജ്മഹലിന്റെ മുമ്പിൽ

പിറ്റേ ദിവസം താജ്മഹൽ സന്ദർശനമായിരുന്നു. 200 കിലോമീറ്റർ അകലെയുള്ള ആഗ്രയിലെത്താൻ അഞ്ച് മണിക്കൂർ-അഥവാ മണിക്കൂറിൽ 40 കി.മീ വേഗത. ലോകത്തിലെ ഏഴു അത്ഭുതങ്ങളിലൊന്നായ താജ്മഹലിലേക്കുള്ള യാത്ര ഇത്രയും ദീർഘവും ക്ലിഷ്ടവുമായത് മറ്റൊരത്ഭുതമാണ്. ഇപ്പോൾ രണ്ടു മണിക്കൂർ കൊണ്ട് (മണിക്കൂറിൽ 100 കി.മീ) ആഗ്രയിലെത്താൻ പാകത്തിൽ ഒരു സൂപ്പർ ഹൈവേക്കുള്ള പദ്ധതി തയാറാക്കിയതായി അറഞ്ഞു.

ആഗ്രയിലെത്തി താജ്മഹൽ കോമ്പൗണ്ടിൽ കടന്നപ്പോൾ ഞങ്ങൾ ആദ്യമായി ചെയ്തത് ളുഹർ-അസർ നമസ്കാരങ്ങൾ നിർവഹിക്കുകയായിരുന്നു. താജ്മഹലിന്റെ ഇടതുവശത്തായി ഷാജഹാൻ തന്നെ പണിയിച്ച ജുമാ മസ്ജിദുണ്ട്.

പിന്നെ ഞങ്ങൾ താജിൽ പ്രവേശിച്ചു. താജിലേക്ക് കടക്കും മുമ്പായി ടിക്കറ്റ് വാങ്ങേണ്ടതുണ്ടായിരുന്നു. സ്വദേശികൾക്കും വിദേശികൾക്കും വ്യത്യസ്ത നിരക്കാണ്. ഗനൂശിക്കും ത്വയ്യിബിനും എണ്ണൂറ് രൂപ വീതം. എനിക്കാകട്ടെ നൂറു രൂപയും. പ്രവേശന കവാടത്തിലെ സെക്യൂരിറ്റി ചെക്കിംഗ് എയർപോർട്ടുകളിലെ സെക്യൂരിറ്റി ചെക്കിംഗിനെ അനുസ്മരിപ്പിക്കുന്നതായിരുന്നു.

ഗൈഡില്ലാതെ താജിൽ കടന്ന ഞങ്ങൾ ടൂറിസ്റ്റുകളുടെ പ്രവാഹത്തിലൂടെ നീങ്ങുമ്പോൾ വൃദ്ധനായ ഒരാൾ സ്വയം ഗൈഡായി ഞങ്ങളുടെ മേൽ അടിച്ചേൽപിച്ചു. ഞങ്ങളദ്ദേഹത്തെ നിരസിച്ചില്ല. താജ്മഹലിന്റെ ഓരോ ഭാഗവും അതിന്റെ വിസ്മയാവഹമായ ഘടനയും അദ്ദേഹം വിശദീകരിച്ചു. അദ്ദേഹത്തിന്റെ കൈയിൽ പവർപോയിന്ററുണ്ടായിരുന്നു. അതുപയോഗിച്ച് താജ്ഭിത്തികളിൽ മനോഹരമായി പതിഞ്ഞുകിടക്കുന്ന അമൂല്യ രത്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: “ഭൂഗോളത്തിന്റെ നാനാ ഭാഗങ്ങളിൽനിന്ന് കൊണ്ടുവന്നതാണിവ. ആകാശത്തിൽ പതിഞ്ഞു കിടക്കുന്ന നക്ഷത്രങ്ങൾ പോലെ മിന്നിത്തിളങ്ങുന്ന ആ രത്നക്കല്ലുകൾ ഇരുളടഞ്ഞു കിടക്കുന്ന ചരിത്രത്തിന്റെ ഉള്ളറകളിലേക്ക് നമ്മെ മാടിവിളിക്കുന്നുപോലെ.” താജ്മഹൽ പലപ്പോഴും കണ്ടിട്ടുണ്ടെങ്കിലും ഈയനുഭവം ആദ്യമായിരുന്നു. ഗൈഡിന്റെ പവർപോയിന്ററിന് നന്ദി. ചെറു ഭൂകമ്പങ്ങളെ കൂടി അതിജീവിക്കാൻ പ്രാപ്തമായ സ്തംഭങ്ങളാണ് നാലു മൂലകളിലും- അന്നത്തെ എഞ്ചിനീയറിംഗിന്റെ അത്ഭുതം! “തന്റെ സഹധർമിണിക്കുവേണ്ടി പണിത പോലെ അപ്പുറത്ത് മറ്റൊരു താജ്മഹൽ കൂടി പണിയാൻ ഷാജഹാന് പ്ലാനുണ്ടായിരുന്നു” -യമുനയുടെ മറുതീരത്തേക്ക് ചൂണ്ടി അദ്ദേഹം പറഞ്ഞു.

സന്ദർശനം അവസാനിച്ചപ്പോൾ ഞങ്ങൾ മാന്യമായ തുക കൊടുത്തു.

ഇതൊക്കെ കണ്ടും കേട്ടും വിസ്മയം പൂണ്ട ശൈഖ് ഗനൂശിയുടെ മുഖത്ത് രണ്ടു വിരുദ്ധ ഭാവങ്ങൾ കളിയാടി. ഒന്ന്, അഭിമാനത്തിന്റെയും മറ്റൊന്ന് വിഷാദത്തിന്റെയും. ഈ അത്ഭുത സ്മാരകങ്ങൾ മുസ്‌ലിംകൾക്ക് നൽകുന്ന അഭിമാനത്തിൽ അദ്ദേഹം പങ്കുചേർന്നു. അതേയവസരം വിഷാദം ആ സന്തോഷത്തെ അതിജീവിച്ചു. അദ്ദേഹം പ്രതികരിച്ചു: കോടിക്കണക്കിൽ രൂപ ചെലവഴിച്ച് തന്റെ ഭാര്യക്ക് സ്മാരകം പണിയുമ്പോൾ ആ മുസ്‌ലിം ചക്രവർത്തി, ഉടുതുണിക്ക് മറുതുണിയില്ലാതെ, ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെ നിർധനരായ തന്റെ പ്രജകളിലെ പതിനായിരങ്ങളെ ഓർത്തുവോ? അവരുടെ ചോര നീരാക്കിയല്ലേ ഈ മാർബിൾ സൗധങ്ങൾ പണിതത്. ഈ വിഷാദഭാരത്തിൽ ഗനൂശിയുടെ തല കുനിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: “വെറുതെയല്ല ഷാജഹാന്റെ അന്ത്യം വിസ്മയാംവിധം ദാരുണമായത്, സ്വന്തം മക്കൾ തന്നെ അദ്ദേഹത്തെ ജയിലിലടച്ചു.....”

കൂട്ടത്തിൽ ഫലിതോക്തി കലർന്ന ഒരു അവലോകനവും അദ്ദേഹം നടത്തി. “ഇസ്‌ലാമിലെ സ്ത്രീ പീഡനത്തെക്കുറിച്ച് പാശ്ചാത്യർ പുരപ്പുറത്ത് കയറി കൂവാറുണ്ടല്ലോ. എന്നാലിവിടെ ഇതാ ഒരു മുസ്‌ലിം ചക്രവർത്തി തന്റെ ഭാര്യക്കുവേണ്ടി സപ്താത്ഭുതങ്ങളിലൊന്നായ മാർബിൾ മന്ദിരം നിർമിച്ചിരിക്കുന്നു. ഏതെങ്കിലും

അമുസ്‌ലിം രാജാവോ ചക്രവർത്തിയോ തന്റെ ഭാര്യയെ ഇത്രയും ആർഭാടമായി ആദരിച്ച ചരിത്രമുണ്ടോ?"

വീണ്ടും അദ്ദേഹം ഷാജഹാന്റെ നേരെ തിരിഞ്ഞ് രോഷാകുലനായി. "ഖബ്റിനു മേൽ കെട്ടിടം നിർമിക്കുന്നത് പാടെ നിരോധിച്ച മഹാനായ പ്രവാചകനെ നീ പറ്റെ അവഗണിച്ചില്ലേ.......?"

അങ്ങനെ വിരുദ്ധ വികാരങ്ങളും വിസ്മയാനുഭൂതികളും ചരിത്രത്തോടും ചക്രവർത്തിയോടും മൽപിടുത്തം നടത്തവേ ഞങ്ങൾ ആഗ്ര വിട്ടു- ശൈഖ് ചിന്താമഗ്നൻ, ത്വയ്യിബ് ഫോട്ടോ സ്പിരിറ്റിൽ..........

## ഹൈദരാബാദിൽ

പിറ്റേ ദിവസം (ഫെബ്രുവരി 29 വെള്ളി) ഹൈദരാബാദിലായിരുന്നു പരിപാടി. രാവിലെ 5.30നുള്ള ഹൈദരാബാദ് ഫ്ളൈറ്റ് പിടിക്കാൻ മൂന്ന് മണിയോടെ തയാറാകണം. ഉറക്കത്തോടും യാത്രാക്ഷീണത്തോടും മത്സരിക്കുകയേ നിർവാഹമുള്ളൂ. ശൈഖ് സമയത്തുതന്നെ തയാറായി.

ഹൈദരാബാദ് എയർപോർട്ടിൽ ഞങ്ങളെ സ്വീകരിക്കാൻ അവിടത്തെ ജമാഅത്ത് നേതൃത്വം അയച്ച ഗൈഡ് ഉണ്ടായിരുന്നു. ഉസ്മാനിയാ യൂനിവേഴ്സിറ്റി സന്ദർശനമായിരുന്നു ആദ്യ പരിപാടി. യൂനിവേഴ്സിറ്റി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ദാഇറത്തുൽ മആരിഫിൽ ഇസ്‌ലാമിയ്യ (ഇസ്‌ലാമിക സർവവിജ്ഞാനകോശം)യിൽ സൂക്ഷിച്ചിട്ടുള്ള, ലോകത്തെങ്ങും കാണാത്ത അപൂർവമായ കൈയെഴുത്ത് കോപ്പികളിൽ ചിലതൊക്കെ ഭാരവാഹികൾ ഞങ്ങൾക്ക് കാണിച്ചുതന്നു.

നെഹ്റു ഗവൺമെന്റിൽ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ മൗലാനാ ആസാദ് ആ സ്ഥാപനത്തിന് ചെയ്ത സേവനങ്ങളും അവർ വിശദീകരിച്ചു. ആസാദിന്റെ മാതൃക മുസ്‌ലിംകൾക്ക് മൊത്തം കരണീയമാണെന്ന് ശൈഖ് ഗനൂശി പ്രതികരിച്ചു. മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയ പങ്കാളിത്തം പരാമർശിച്ച പലേടത്തും അദ്ദേഹം ആസാദിന്റെ മാതൃക ഉദ്ധരിക്കുകയുണ്ടായി.

ഹൈദരാബാദിലെ ചരിത്ര പ്രസിദ്ധ പള്ളിയായ മക്കാ മസ്ജിദിലായിരുന്നു ജുമുഅ നമസ്കാരം. തൊട്ടടുത്ത് തലയുയർത്തി നിൽക്കുന്ന ചാർമിനാറിന്റെ ചരിത്രവും അതിന്റെ തുർക്കി ബന്ധവും ശൈഖ് ചോദിച്ചറിഞ്ഞു. ■